പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1487 — 15.02.2016-ൽ മറുപടിക്ക്

## വഴിയോര കച്ചവടക്കാർക്ക് ലൈസൻസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം.ആരിഫ് | ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ കോർപ്പറേഷനുകളിലും നഗരസഭകളിലും വഴിയോര കച്ചവടക്കാരെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഉത്തരവാദിത്വം ആർക്കാണ് ; | (എ) സംസ്ഥാനത്തെ കോർപ്പറേഷനുകളിലും നഗരസഭകളിലും വഴിയോര കച്ചവടക്കാരെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഉത്തരവാദിത്തം പ്രാദേശിക നഗരസഭകൾക്കാണ്. |
| (ബി) വഴിയോര കച്ചവടക്കാർക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ ; | (ബി) 2014-ൽ നിലവിൽ വന്ന "തെരുവോര കച്ചവട നിയമം [Protection of Livelihood &Regulation of Street Vending] 2014" വഴിയോര കച്ചവടക്കാർക്ക് ലൈസൻസ് വിഭാവനം ചെയ്യുന്നു. നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും തെരുവു കച്ചവടക്കാരെ കണ്ടെത്താനുള്ള സർവേ ആരംഭിക്കുകയും ആയവ പൂർത്തീകരിച്ച് വരികയുമാണ്. കാസർകോഡ്, കോഴിക്കോട്, മലപ്പുറം, കോട്ടയം, തൃശ്ശൂർ നഗരസഭകളിൽ സർവേ നടപടികൾ പൂർത്തിയായിട്ടുണ്ട്. നഗരസഭകളിലെ ടൗൺ വെൻഡിങ് കമ്മിറ്റിയാണ് തെരുവു കച്ചവടക്കാർക്ക് ലൈസൻസ് അനുവദിക്കുന്നത്. നിലവിൽ ഒരു നഗരസഭയിലും പ്രസ്തുത നിയമപ്രകാരമുള്ള ലൈസൻസ് നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ